I/312886/2023

<u>മേലെഴുത്ത് നമ്പർ DT/1747/2023-A5 തിയതി :30-03-2023</u>

സർക്കാർ സർക്കുലർ അറിവിലേക്കും തുടർ നടപടികൾക്കുമായി നൽകുന്നു

ANEESH A B, ADO DTTVPM, O/O ADO DTTVPM

സ്വീകർത്താവ്:- 1.എല്ലാ സ്ഥാപന മേധാവികൾക്കും (വകുപ്പ് വെബ്സൈറ്റ് )

2. എല്ലാ യൂണിറ്റ് ഓഫീസർമാർക്കും, എല്ലാ സെക്ഷൻ സൂപ്രണ്ട് മാർക്കും

(ട്രെയിനിംഗ് ഡയറക്ടറേറ്റ് )

I/5658443/2023

"ഭരണഭാഷ- മാതൃഭാഷ"

YEARS OF CELEBRATING THE MAHATMA

കേരള സർക്കാർ

നം. റവ-ജി1/195/2022-റവന്യൂ
റവന്യൂ (ജി) വകുപ്പ്
തിരുവനന്തപുരം,
തീയതി: 20-03-2023

## സർക്കുലർ

വിഷയം:- റവന്യൂ വകുപ്പ് -ജില്ലാ കളക്ടർമാരുടെ പൊതുജന സമ്പർക്ക പരിപാടിയുമായി ബന്ധപ്പെട്ട നിർദ്ദേശങ്ങൾ പുറപ്പെടുവിക്കുന്നത്-സംബന്ധിച്ച്

സൂചന:- 2022 സെപ്റ്റംബർ 28,29 തീയതികളിൽ നടന്ന ജില്ലാ കളക്ടർമാരുടെയും വകുപ്പ് മേധാവികളുടെയും വാർഷിക സമ്മേളനത്തിന്റെ നടപടിക്കുറിപ്പ്.

2022 സെപ്റ്റംബർ 28, 29 തീയതികളിൽ ചേർന്ന വകുപ്പദ്ധ്യക്ഷന്മാരുടെയും ജില്ലാ കളക്ടർമാരുടെയും വാർഷിക സമ്മേളന യോഗത്തിന്റെ തീരുമാന പ്രകാരം, കളക്ടർമാരുടെ പൊതുജന സമ്പർക്ക പരിപാടിയുമായി ബന്ധപ്പെട്ട് ചുവടെ പറയുന്ന നിർദ്ദേശങ്ങൾ പുറപ്പെടുവിക്കുന്നു.

1. ജില്ലാ കളക്ടർമാർ പങ്കെടുക്കേണ്ട യോഗം വിവിധ വകുപ്പുകൾ വിളിച്ച് ചേർക്കുമ്പോൾ, ബന്ധപ്പെട്ട വകുപ്പ് സെക്രട്ടറി, അക്കാര്യം മുൻകൂറായി ചീഫ് സെക്രട്ടറിയെ അറിയിക്കേണ്ടതാണ്.
2. എല്ലാ വ്യാഴാഴ്ചയും എല്ലാ ജില്ലാ കളക്ടർമാരും പൊതുജന സമ്പർക്ക പരിപാടി, റൊട്ടേഷൻ അടിസ്ഥാനത്തിൽ മുൻകൂട്ടി നിശ്ചയിച്ചു പ്രസിദ്ധപ്പെടുത്തിയിട്ടുള്ള ഷെഡ്യൂൾ പ്രകാരം ഓരോ താലൂക്കുകളിലുമായി നടത്തേണ്ടതാണ്.
3. പൊതുജന സമ്പർക്ക പരിപാടി നടക്കുന്ന ദിവസം ജില്ലാ കളക്ടർമാരെ പങ്കെടുപ്പിച്ച് വിവിധ വകുപ്പുകൾ യോഗം ചേരുന്നത് ഒഴിവാക്കേണ്ടതാണ്.
4. പൊതുജന സമ്പർക്ക പരിപാടിയുടെ ഭാഗമായി എല്ലാ ജില്ലാതല ഓഫീസർമാരും / പ്രതിനിധികളും അന്നേ ദിവസം പ്രസ്തുത പരിപാടി നടക്കുന്ന താലൂക്കിൽ ഹാജരാകേണ്ടതാണ്.
5. പ്രസ്തുത പരിപാടിയിൽ ഉയർന്നു വരുന്ന പരമാവധി പരാതികൾക്ക് വിവിധ വകുപ്പുകളുടെ സഹകരണത്തോടെ പരിഹാരം കാണേണ്ടതാണ്.
6. പ്രസ്തുത പരിപാടിയിൽ പൊതുജനങ്ങളുടെ പരമാവധി പങ്കാളിത്തം ഉറപ്പ് വരുത്തുന്നതിനായി പബ്ലിക് റിലേഷൻസ് വകുപ്പ് വിപുലമായ പ്രചാരണം നടത്തേണ്ടതാണ്.

ജില്ലാ കളക്ടർമാരുടെ പൊതുജന സമ്പർക്ക പരിപാടി സംബന്ധിച്ച മേൽ നിർദ്ദേശങ്ങൾ കർശനമായി പാലിക്കേണ്ടതാണ്.

ഡോ .എ .ജയതിലക് ഐ എ എസ്
അഡീഷണൽ ചീഫ് സെക്രട്ടറി

പകർപ്പ് :

1. എല്ലാ അഡീഷണൽ ചീഫ് സെക്രട്ടറി/ പ്രിൻസിപ്പൽ സെക്രട്ടറി / സെക്രട്ടറിമാർക്കും
2. എല്ലാ വകുപ്പ് തലവന്മാർക്കും
3. ലാൻഡ് റവന്യൂ കമ്മീഷണർ, തിരുവനന്തപുരം
4. എല്ലാ ജില്ലാ കളക്ടർമാർക്കും
5. സെക്രട്ടേറിയറ്റിലെ നിയമം, ധനകാര്യം ഉൾപ്പെടെ എല്ലാ വകുപ്പുകൾക്കും (ഇ-ഓഫീസ് നോട്ടീസ് ബോർഡ് മുഖേന )
6. അക്കൗണ്ടന്റ് ജനറൽ (എ&ഇ) കേരള , തിരുവനന്തപുരം.
7. മുഖ്യമന്ത്രിയുടെ പ്രൈവറ്റ് സെക്രട്ടറി, മറ്റ് മന്ത്രിമാരുടെ പ്രൈവറ്റ് സെക്രട്ടറിമാർ.
8. ചീഫ് സെക്രട്ടറിയുടെ അഡീഷണൽ സെക്രട്ടറി
9. വിവര പൊതുജന സമ്പർക്ക (വെബ് & ന്യൂ മീഡിയ) വകുപ്പ്
10. കരുതൽ ഫയൽ / ഓഫീസ് കോപ്പി

ഉത്തരവിൻ പ്രകാരം

Signed by
Sujith G R
സെക്ഷൻ ഓഫീസർ.
Date: 21-03-2023 15:35:31